

# സ്നേഹത്തിൻെറ നൂലിഴകൾ – രക്ഷാബന്ധൻ

സുധീർ പണിക്കവീട്ടിൽ

ആർ ആർക്ക് ആദ്യം രാഖി കെട്ടികൊടുത്തുവെന്ന് അന്വേഷിക്കുമ്പോൾ പതിനെട്ട് പുരാണങ്ങളിൽ ഒന്നായ ഭവിഷ്യപുരാണത്തിൽ അത് കണ്ടെത്തുന്നു. ദേവാസുര യുദ്ധത്തിൽ ജയം വിദൂരമെന്ന് കണ്ട് പരിഭ്രമിച്ച ഇന്ദ്രനോട് ദേവന്മാരുടെ ഗുരുവായ ബ്രഹസ്പതി ഉപദേശിച്ചു. മന്ത്രങ്ങൾ ജപിച്ച ഒരു ചരട് കയ്യിൽ കെട്ടണമെന്ന്. അത് കെട്ടികൊടുത്തത് ഇന്ദ്രൻെറ പ്രിയതമയായിരുന്നു. ഇതാണത്രെ രാഖിയുടെ തുടക്കം. പിന്നെ നമ്മൾ ഇതെപോലെയൊരു സംഭവം കാണുന്നത് മഹാഭാരതത്തിലാണു. കയ്യിൽ മുറിവുമായെത്തിയ ശ്രീക്രുഷ്ണനു ഉടുത്തിരുന്ന ചേലയിൽ നിന്ന് ഒരു തുണ്ട് കീറിയെടുത്ത് ദ്രൗപതി മുറിവ് കെട്ടികൊടുത്തു. അപ്പോൾ ശ്രീക്രുഷ്ണൻ ദ്രൗപതിയെ സഹോദരിയായി സ്വീകരിക്കുകയും അവരുടെ ഉടുചേല നിറഞ്ഞ സദസ്സിൽ വച്ച് ദുശ്ശാശനൻ അഴിച്ച് മാറ്റാൻ ശ്രമിച്ചപ്പോൾ ഒരിക്കലും അഴിച്ചാൽ തീരാത്ത വിധം ചേലയുടെ നീളം കൂട്ടികൊടുത്ത് പെങ്ങളുടെ മാനം കാക്കുകയും ചെയ്തു. ജാതി-മത ഭേദമെന്യെ പെൺകുട്ടികൾ ആൺകുട്ടികളെ രാഖി അണിയിച്ചിരുന്നു. ഹുമയൂൺ ചക്രവർത്തിക്ക് രാഖി കൊടുത്തയച്ച ഒരു രജപുത്ര രാജകുമാരിയെപ്പറ്റിയും രേഖകൾ ഉള്ളതയി കാണുന്നു. ഭാരതീയർ മാത്രമല്ല രാഖിയുടെ ശക്തിയും വിശുദ്ധിയും മനസ്സിലാക്കിയിരുന്നത്. മഹാനായ അലക്സാണ്ഡറുടെ പതി ഭാരതത്തിലെ വീരനായ രാജവ് പോറസ്സിനു രാഖി കെട്ടികൊടുത്ത് അവരുടെ ഭർത്താവിനെ കൊല്ലരുതെന്ന് അപേക്ഷിച്ചത്രെ. യുദ്ധത്തിൽ അലക്സാണ്ഡറിനെ വെട്ടാൻ വാളൊങ്ങിയ പോറസ്സ് തൻെറ കയ്യിലെ രാഖി കണ്ട് കൊല്ലാതെ വിട്ടു. എല്ലാവരും അന്ധമായി കരുതുന്നത് ഒരു നൂലിൻെറ ശക്തിയെപ്പറ്റിയാണു. വാസ്തവത്തിൽ അത്തരം ചടങ്ങുകളിലൂടെ മനുഷ്യർ ആർജിക്കുന്ന വിശ്വാസത്തിൻേറയും, സ്നേഹത്തിൻേറയും സ്വാധീനമാണു എന്തെങ്കിലും അതുഭുതമായി നമ്മൾ കാണുന്നത്. എല്ലാം മനസ്സാണു. അത് എങ്ങനെ നിയന്ത്രിക്കുന്നു എന്നതിനെ അനുസരിച്ചിരിക്കുന്നു ജീവിത വിജയങ്ങൾ. അല്ലാതെ ഒരു നൂലിനു എന്തു ശക്തി!

രാഖി അഥവാ രക്ഷാബന്ധൻ ഭാരതത്തിലുടനീളം ഇപ്പോൾ ആഘോഷിക്കുന്ന ഒരു വിശേഷദിവസമാണു. സഹോദരി-സഹോദര ബന്ധത്തിൻെറ വിശുദ്ധിയും ആഴവും പ്രകടമാക്കുന്ന ചടങ്ങുകൾ ഇതിൻെറ പ്രത്യേകതയാണു. അതുകൊണ്ടായിരിക്കും സംരക്ഷണത്തിൻെറ കെട്ട് എന്ന് അർത്ഥം വരുന്ന വാക്കിനാൽ ഈ സുദിനം അറിയപ്പെടുന്നത്. സഹോദരിക്ക് പൂർണ്ണ സംരക്ഷണം നൽകുക എന്ന സന്ദേശം ഇത് ഓർമ്മിപ്പിക്കുന്നു ശ്രാവണ മാസത്തിലെ പൗർണമി നാളിൽ ആഘോഷപൂർവ്വം ഈ ദിവസം കൊണ്ടാടുന്നു. ഇന്നേ ദിവസം സഹോദരിമാർ അവരുടെ സഹോദരന്മാരുടെ കൈകളിൽ കെട്ടുന്ന നൂലിനെ രക്ഷബന്ധൻ എന്ന് പറയുന്നു. നൂലുകൾ പഴകുമ്പൊൾ പൊട്ടിപോയാലും സഹോദരി-സഹോദരന്മാർ തമ്മിലുള്ള സ്നേഹബന്ധത്തിനു കുറവു വരുന്നില്ല, അതു പൊട്ടിപോകുന്നില്ല. വടക്കെ ഇന്ത്യയിലെ വളരെ പ്രധാനമായ ഈ ചടങ്ങിൻെറ പ്രത്യേകത ഈ ദിവസം പെൺകുട്ടികൾ അവരുടെ സ്വന്തം സഹോദരന്മാർക്ക് മാത്രമല്ല അവർ സഹോദരന്മാരായി കാണുന്നവർക്കും ഈ “സ്നേഹ ചരട് ” കെട്ടികൊടുക്കുന്നു എന്നതാണു. സ്നേഹത്തിൽ കത്തുന്ന മംഗളദീപങ്ങൾ കൊണ്ട് ആർത്തിയുഴിഞ്ഞ് നെറ്റിയിൽ ചുവന്ന തിലകം ചാർത്തി സഹോദരിമാർ രാഖി അവരുടെ ആങ്ങളമാരുടെ കണങ്കയിൽ കെട്ടുന്നു. പിന്നെ അയാളുടെ വായിൽ മധുരം വച്ച് കൊടുക്കുന്നു. അപ്പോൾ ആങ്ങള അവൾക്ക് സമ്മാനങ്ങൾ കൊടുക്കുന്നു. ചെറുപ്പത്തിൽ അവരുടെ മുടിവാലിൽ പിടിച്ച് ദ്വേഷ്യം പിടിപ്പിക്കുകയും കരയിക്കുകയും ചെയ്ത ചേട്ടന്മാർ അല്ലെങ്കിൽ അനിയന്മാർ അപ്പോൾ അവരുടെ രക്ഷകരായി അവർക്ക് കൂടുതൽ സ്നേഹം നൽകുന്ന കാഴ്ച്ച മാതാപിതാക്കളെ സന്തോഷിപ്പിക്കുന്നു. ആൺകുട്ടികളെ മാത്രം പ്രസവിച്ച എൻെറ ചെറിയമ്മക്ക് പെൺകുട്ടികളോട് വളരെ ഇഷ്ടമായിരുന്നു, അന്തിക്ക് ഉമ്മറത്ത് നിലവിളക്ക് കൊളുത്തി വക്കാൻ ഒരു പെൺകുട്ടിയുണ്ടായിരുന്നെങ്കിൽ എന്ന ആഗ്രഹം അവർ പറയാറുണ്ട്. ശരിയാണു,

വീടിൻെറ ഐശ്വര്യ ലക്ഷ്മികളാണു പെൺകുട്ടികൾ. വളകിലുക്കങ്ങളുടേയും, പാദസര ധ്വനികളുടേയും ശബ്ദം കേൾപ്പിക്കാൻ, പൂക്കളുടെ, കണ്മഷി, ചാന്ത് തുടങ്ങിയവയുടെ സുഗന്ധം പരത്താൻ വീടാകെ നിറഞ്ഞ് നിൽക്കാൻ പെൺകുട്ടികൾക്കല്ലേ കഴിയൂ. അവരുടെ സുരക്ഷ മനസ്സിൽ കണ്ട ആരോ ആർഷ ഭാരതത്തിൻെറ സംസ്കാരത്തിൻെറ ഭാഗമായി മഹത്വപൂർണ്ണമായ ഈ ദിവസം കൽപന ചെയ്തതായിരിക്കണം.

സ്വന്തം സഹോദരന്മാരില്ലാത്തവർക്കും ഈ ദിവസം ആനന്ദം പകരുന്നു. കാരണം അന്നേ ദിവസം അവർക്കിഷ്ടമുള്ള ഒരാളെ സഹോദരനായി കരുതി അയാളുടെ കയ്യിൽ രാഖി കെട്ടാവുന്നതാണു. വടക്കെ ഇന്ത്യയിൽ വച്ച് സഹപാഠിയായ ഒരു പെൺകുട്ടി ഈ ലേഖകനു രാഖി കെട്ടി തന്നിരുന്നു. അതെക്കുറിച്ച് ഓർക്കുമ്പോൾ ഒ എൻ വി കുറുപ്പ് സാറിൻെറ കവിത ഇപ്പോൾ മനസ്സിൽ തെളിയുന്നു. " എൻെറ കൈതണ്ടിലീ രാഖിചരട് നീ ബന്ധിച്ചു തെല്ലിട മിണ്ടാതെ നിന്നുവോ, പിന്തിരിഞ്ഞെങ്ങോ നടന്നുവോ, നിന്നശ്രു ബിന്ദുക്കൾ വീണിടം നീറി പുകഞ്ഞുവോ.. വല്ലായ്മയാർന്ന നിൻ നിൽപ്പുമാ മൗനവും, തുള്ളികളായിങ്ങടർന്ന നിൻ ദു"ഖവും, എൻെറ ഈ കൈ തണ്ടിൽ നീ വന്നു ബന്ധിച്ച ചെഞ്ചുവപ്പോലുമീ രാഖിയും എന്നോട് ചൊല്ലാതെ ചൊല്ലുന്നു നിൻ പെങ്ങളാണിവൾ...

അവർക്ക് സഹോദരന്മാരുണ്ടായിരുന്നില്ല. അതിൻെറ ദുഃഖത്തെക്കുറിച്ച് എന്നോട് പറയുമ്പോൾ ഞാൻ മഹാഭാരതത്തിലെ ദുശ്ശളയെക്കുറിച്ച് അവളെ ഓർമ്മിപ്പിക്കും .ഹസ്തിനപുരിയിലെ രാജാവിൻെറ മകൾ. കൗരവവംശത്തിലെ ജനിച്ച ഒരേ ഒരു പെൺകുട്ടി. നൂറ് സഹോദരന്മാരും അഞ്ചു മുറ സഹോദരന്മാരുമുണ്ടായിട്ടും ജീവിതം ദുസ്സഹമായിപോയ ദുശ്ശള. അവളെ വിധവയാക്കിയത് മുറ സഹോദരന്മാരിൽ ഒരാൾ. അദ്ദേഹത്തിൻെറ മൂത്ത സഹോദരൻെറ അശ്വമേധയാഗത്തിനായി അഴിച്ച് വിട്ട കുതിരക്കൊപ്പം വരുന്നത് അർജുനനാണെന്നറിഞ്ഞ് പേടിച്ചരണ്ട അവളുടെ മകൻ. ഭയം മാറാൻ അവനോട് അവൾ അർജുനൻെറ പത്ത് നാമങ്ങൾ ഓർക്കാൻ പറയുന്നു. അച്ഛനെ കൊന്ന അമ്മാവനെ അയാൾക്ക് ഭയമാണ്. അപ്പോൾ പിന്നെ ആ നാമങ്ങൾ ഉരുവിട്ടിട്ട് എന്തു പ്രയോജനം. ആ യുവരാജാവ് ഭയം മൂലം ഹ്രുദയം പൊട്ടി മരിച്ച്പോയി.. എല്ലാ പ്രതീക്ഷയും തകർന്ന് പൊട്ടികരയുന്ന ദുശ്ശളയെക്കുറിച്ച് ഓർക്കുക എന്ന് പറഞ്ഞപ്പോൾ അവൾ കണ്ണീർ തുടച്ചെങ്കിലും ദുശ്ശളയെക്കുറിച്ച് ഓർത്ത് വിഷമിക്കയായിരുന്നു. ദേക് സക്താഹും മെ കുച്ച് ബി ഹോത്തെ ഹുവെ, നഹി മെ ദേക് സക്ത തുജെ രോത്തെ ഹുവെ...(എന്തും എനിക്ക് കണ്ടു നിൽക്കാം പക്ഷെ നീ കരയുന്നത് മാത്രം കണാൻ കഴിയില്ലെന്നർത്ഥം) വരുന്ന പാട്ടു പാടി കൊടുത്തപ്പോൾ അവൾ സന്തോഷിവതിയായി. എൻെറ സ്വന്തം സഹോദരിമാരെക്കാൾ സ്നേഹം ഞാൻ അപ്പോൾ അവളുടെ മനോഹരമായ കണ്ണുകളിൽ കണ്ടു. ഞാൻ അപ്പോൾ വയലാറിനെ ഓർത്തു " വ്യഭിചാര തെരുവിൽ മനുഷ്യരാ മുത്തുക്കൾ വില പേശി വിൽക്കുന്നു.'' സഹോദരസ്നേഹത്തിൻെറ മാഹാത്മ്യം മനസ്സിലാക്കി എല്ലാവരും തൻേറയും അന്യൻേറയും സഹോദരിമാരെ സംരക്ഷിച്ചിരുന്നെങ്കിൽ ഈ ലോകം എത്ര നന്നാകുമായിരുന്നു. എങ്കിൽ വയലാറിൻെറ വരികൾ വ്യത്യസ്ഥമാകുമായിരുന്നു. രാഖി എന്ന വിശേഷത്തിൻെറ പ്രത്യേകത അതാണു. രാഖി എല്ലാ പെൺകുട്ടികളേയും രക്ഷിക്കാൻ ആൺകുട്ടികളോട് അഭ്യർത്ഥിക്കുന്നു. പെൺകുട്ടികളുടെ മാനം കളയുന്നതും പുരുഷന്മാർ അതിനു പ്രാധാന്യം കൽപ്പിച്ച് അവരെ ഭ്രഷ്ട്രാക്കുന്നതും പുരുഷന്മാർ. വെറുതെ കുറെ മിഠായിയും നിറമുള്ള ചരടുകളുമായി ഈ വിശേഷം കടന്നുപോകാതെ എല്ലാവരും ഇതിൻെറ പ്രാധാന്യം മനസ്സിലാക്കിയിരുന്നെങ്കിൽ. പ്രതിദിനം കേൾക്കുന്ന വാർത്തകളിൽ ചവുട്ടിയരക്കപ്പെടുന്ന എത്രയോ പെൺകുട്ടികളുടെ കഥകൾ നമ്മൾ വായിക്കുന്നു. ഒരു പക്ഷെ ഇത്തരം വിശേഷദിവസങ്ങൾ കുറെപേരെയെങ്കിലും നന്മയുടെ മാർഗ്ഗം സ്വീകരിക്കാൻ പ്രേരിപ്പിച്ചേക്കാം.

കുട്ടി, നിൻെറ ജീവിതം സുഖകരമാകട്ടെ എന്നാശംസിച്ച് രാഖി പെങ്ങളോട് വിടവാങ്ങുമ്പോൾ അവളുടെ കല്യാണത്തിനു എത്താമെന്ന് പറയുമ്പോൾ ആ മുഖത്ത് എന്തൊരു സന്തോഷമായിരുന്നു. അവളപ്പോൾ ലജ്ജയുടെ പരിവേഷത്തിൽ കലർന്ന് നിന്നത് കാണാൻ എന്തൊരു ഭംഗിയായിരുന്നു. ഞാനും മനസ്സിൽ പാടി - മേരി പ്യാരി ബഹനിയ ബനേഗി ദുലനിയ, സജ് കെ ആയേഗ ദുല രാജ ഭയ്യ രാജ ബജായേഗ ബാജ ..സോല സിംഗാർ മേരി ബഹന കരേഗി..(എൻെറ അരുമയായ പെങ്ങൾ മണവാട്ടിയാകും, എല്ലാ ഒരുക്കങ്ങളോടും കൂടി മണവാളൻ എത്തും, നിൻെറയീ ചേട്ടൻ വാദ്യഘോഷങ്ങൾ മുഴക്കും..സുന്ദരിയാകാനുള്ള പതിനാറ് സൗന്ദര്യ വസ്തുക്കൾ കൊണ്ടവൾ ചമഞ്ഞൊരുങ്ങും ) ഞാൻ തിരിഞ്ഞ് നോക്കുമ്പോൾ അവൾ വിടർന്ന മിഴികളുമായി നോക്കി നിൽപ്പുണ്ടായിരുന്നു. ഒരു കുടയും കുഞ്ഞ്പെങ്ങളും എന്ന നോവലിൽ ചില്ലുപിടിയുള്ള കുരുവിയുടെ പടമുള്ള കുടയുമായി വരുന്ന ആങ്ങളയുടെ വരവ് കാത്തിരിക്കുന്ന പെങ്ങളെപോലെ....

എല്ലാ സഹോദരിമാരെ, എവിടെയാണെങ്കിലും നിങ്ങൾ സുരക്ഷിതരായിരിക്കുക.... .ഫൂലോം ക താരോം ക സബ്ക കഹന ഹെയ്, ഏക് ഹജാരോം മെ മേരി ബഹന ഹെ... പെൺകുട്ടികൾ മുന്നിൽ പ്രത്യക്ഷപ്പെടുമ്പോൾ ആൺകുട്ടികളുടെ ചുണ്ടിൽ ഈ പാട്ടിൻെറ അർത്ഥം വരുന്ന ചിന്തകൾ ഉണ്ടാകട്ടേ....

ശുഭം